# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുഴക്കല് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.13)948/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുഴക്കല് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.13)948/22 തീയ്യതി: 16/07/2022

## തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷാജി കെ. | ജോയിന്റ് ഡയറക്ടർ | 27-05-2022 | 31-05-2022 |
| സതീശൻ.എൻ | ജോയിന്റ് ഡയറക്ടർ (ഇൻ ചാർജ്ജ്) | 01-06-2022 | 03-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-05-2022 | 03-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബേബി പി.വി., ഓഡിറ്റ് ഓഫീസർ
മീര റ്റി., ഓഡിറ്റ് ഓഫീസർ
ഷൈനി കൃഷ്ണദാസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സ്വാലിഹ് സി.പി., ഓഡിറ്റർ
അരവിന്ദാക്ഷ**ൻ** വി എ**ൻ** ,ഓഡിറ്റ**ർ** ട്രെയിനി

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. ബിജു വർഗ്ഗീസ് | പ്രസിഡന്റ് | 01-04-2019 | 19-07-2019 |
| സുമ ഹരി | പ്രസിഡന്റ് | 20-07-2019 | 13-08-2019 |
| സി.വി. കുര്യാക്കോസ് | പ്രസിഡന്റ് | 14-08-2019 | 31-03-2020 |
| ഗണേഷ് എ. | സെക്രട്ടറി | 01-04-2019 | 26-01-2020 |
| ലൈല വി എം | സെക്രട്ടറി | 27-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.മനോജ് സി വർഗീസ് | സൂപ്രണ്ട്,പി എച് സി തോളൂർ | 01-04-2019 | 31-03-2020 |
| ചാന്ദ്നി വി ജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2019 | 31-03-2020 |
| റീജ പി.ടി. (ചാർജ്) | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 05-05-2019 |
| നിമിഷ കൃഷ്ണൻ വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 06-05-2019 | 30-06-2019 |
| ശബ്ന കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2019 | 31-03-2020 |
| സുഷമ സി.വി. | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| സുഗുണൻ സി.ബി. (ചാർജ്ജ്) | എസ്.സി. ഡവലപ്പ്മെന്റ് ഓഫീസർ | 01-04-2019 | 11-04-2019 |
| സുജിത്ത് എസ്. | എസ്.സി. ഡവലപ്പ്മെന്റ് ഓഫീസർ | 12-04-2019 | 22-09-2019 |
| വിജിരാജ് എം.ആർ. | എസ്.സി. ഡവലപ്പ്മെന്റ് ഓഫീസർ | 23-09-2019 | 10-11-2019 |
| സിനി ടി ഡി | എസ്.സി. ഡവലപ്പ്മെന്റ് ഓഫീസർ | 11-11-2019 | 31-03-2020 |
| സഹീറ പി.പി. (അഡീഷണൽ ചാർജ്ജ്) | ശിശു വികസന പ്രോജക്ട് ഓഫീസർ | 01-04-2019 | 26-08-2019 |
| ശരണ്യ സി.ജി | ശിശു വികസന പ്രോജക്ട് ഓഫീസർ | 27-08-2019 | 31-03-2020 |
| സണ്ണി സി.ജെ | അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-12-2019 |

| | | | |
|---|---|---|---|
| | ഓഫ് അഗ്രികൾച്ചർ | | |
| ഹേന കെ.കെ. (ചാർജ്ജ്) | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-01-2020 | 21-01-2020 |
| ഉണ്ണിരാജൻ പി. | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 22-01-2020 | 31-03-2020 |
| മറിയാമ്മ ആന്റോ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 19-11-2019 |
| മിനി പി. ആർ. | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 20-11-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.V.Baby (Audit Officer, On 03-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 03-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 03-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 03-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 03-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 03-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: P.V.Baby (Audit Officer, On 03-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 03-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-8 |
| 9 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-9 |
| 10 | പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-10 |
| 11 | വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11 |
| 12 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-12 |
| 13 | വാടക ഡിമാന്റ് വരവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-13 |
| 14 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-14 |
| 15 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-07-2022) | 1-15 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-16 |

| | | |
|---|---|---|
| | Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | |
| 17 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-17 |
| 18 | ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-18 |
| 19 | അഡ്വാൻസ് രജിസ്റ്റർ വർഷാന്ത്യസംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-19 |
| 20 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-20 |
| 21 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-07-2022) | 1-21 |
| 22 | പാർട്ട് ബിൽ നല്കിയത് Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-07-2022) | 1-22 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-07-2022) | 1-23 |
| 24 | കുടിവെള്ള പദ്ധതികൾ- പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല<br>Written By: Meera T (Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-24 |
| 25 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-07-2022) | 1-25 |
| 26 | കൈപ്പറമ്പ് പേരാമംഗലം നട്ടാക്ക് ജലസേചന സംഭരണ പദ്ധതി - പൂർത്തീകരണം, ധനവിനിയോഗ സാക്ഷ്യപത്രം, ബാലൻസ് തുക വിവരങ്ങൾ ഹാജരാക്കിയില്ല.<br>Written By: P.V.Baby (Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jomon E K (Asst. Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jomon E K (Asst. Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jomon E K (Asst. Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-3 |
| 4 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jomon E K (Asst. Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-4 |
| 5 | ഓഡിറ്റ് റിക്കവറി<br>Written By: Jomon E K (Asst. Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jomon E K (Asst. Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jomon E K (Asst. Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jomon E K (Asst. Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jomon E K (Asst. Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jomon E K (Asst. Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25.02.2019, തീരുമാനം നം.1(1)/2019 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 255800683 | 255402112 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 27.03.2020, തീരുമാനം നം. 2(3)/2020 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 1714111786 | 170886506 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 03-6-2020 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12591162.57 |
| വരവ് | 37032318 |
| ആകെ | 49623480.57 |
| ചെലവ് | 38409613 |
| നീക്കിയിരിപ്പ് | 11213867.57 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACRപ്രകാരം) | 0 | 30315000 | 30315000 | 20698541 | 9616459 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 143871000 | 143871000 | 7761611 | 6625389 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3964000 | 3964000 | 2092673 | 1871327 |
| സെൻട്രൽ ഫണ്ട് ടി.എസ്.സി | 111995 | 3484 | 115479 | 20200 | 95279 |

| | | | | | |
|---|---|---|---|---|---|
| പൈക്ക | 179893 | 5941 | 185834 | 0 | 185834 |
| നിർമ്മൽ പുരസ്കാർ | 928199 | 29390 | 957589 | 0 | 957589 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 7133717176 | 57 | 31898670 | 66 | 13 | 41.91 |

## 1-6 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.6.2022 തീയതിയിൽ 3:15 PM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

വൗച്ചറുകളും രജിസ്റ്ററുകളും ഏറെക്കുറെ കൃത്യതയോടെ പരിപാലിക്കുന്നുണ്ട്. മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ടെണ്ടർ നടപടികളിൽ ടെണ്ടർ കൊള്ളാൻ ആളില്ലാത്തതിനാൽ ക്വട്ടേഷൻ നടപടിയിലൂടെയാണ് പല കരാറുകളും ഉറപ്പിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥർ പലരും TR.7A കാഷ് ബുക്ക് പരിപാലിക്കുന്നില്ല. (ഉദാ:- അസി. എൻജിനീയർ)

പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായി പ്രതിമാസം ചേരുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ പൂർണ്ണമല്ല. . നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഓതറൈസേഷൻ പത്രികകളിൽ പലതിലും മേലധികാരികൾ ഒപ്പുവെക്കുന്നില്ല. വൗച്ചറുകളിൽ പ്രസിഡന്റും, സെക്രട്ടറിയും സംയുക്തമായി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ടെണ്ടർ നടപടികളുടെ ഭാഗമായുള്ള പ്രാഥമിക കരാറുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| . | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.2.2022 | 2020-21 | 16.3.2022 |
| അക്കൗണ്ടന്റ് ജനറൽ | 26.3.2022 | 4/2017-02/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-9 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-10 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2019- 20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 34080 | 24.3.20 | 41900006 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11 വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക ഡിമാന്റ് രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

## 1-12 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-13 വാടക ഡിമാന്റ് വരവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാടക ഡിമാന്റ് വരവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Rent From Auditorium And Hall- Demand | 2000 | 0 |
| Rent From Building-Collection | 26710 | 25710 |
| Rent From Building – Arrear Balance | 7370 | 5530 |

## 1-14 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്ക്

വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income - Other Incomes | (70,338.00) |
| 280800101Prior Period - Establishment Expenses | (362,052.00) |
| 280800201Prior Period - Administrative Expenses | 638,369.00 |
| 280800301Prior Period - Operations And Maintenance Expenses | 25,831,733.00 |
| 280800501Prior Period - Programme Expenses | (1,262,181.00) |

## 1-15 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-11 പ്രകാരം ആസ്തിമൂല്യം 23954358/- രൂപയാണ്. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-17 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1377295 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 441999 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-18 ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ 1-17(a) പ്രകാരം 8 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

| ക്രമ നം. | ആസ്തി -ശീർഷകം | 31/3/2020 ലെ മൂല്യം |
|---|---|---|
| 1 | 410710199-Movable Asset Others | 988070 |

### 1-19 അഡ്വാൻസ് രജിസ്റ്റർ വർഷാന്ത്യസംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും Advance To Implimenting Officers - വർഷാന്ത്യസംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. Advance To Others രജിസ്റ്ററിൽ ചേർത്തിട്ടില്ല.

### 1-20 ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ RP 34 പ്രകാരമുള്ള വരവ് ചെലവുകളുടെയും B-7പ്രകാരമുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-21 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല.

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ രേഖപ്പെടുത്തിയ 63,05,010/- രൂപയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ ബി3 യിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-22 പാർട്ട് ബിൽ നല്കിയത് Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ എല്ലാ പ്രവൃത്തികളുടെയും വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B- 11(a) Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല. ഉദാ: പ്രോജക്ട് നം. 128/20, 66/20,87/20.

### 1-23 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല.ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. വിവിധ പ്രവൃത്തികളുടെ ഭാഗമായി ഭൂജല വകുപ്പിന് നൽകിയ 227044/- രൂപ, 460500204-Advance To Implimenting Agencies - Deposit With Ground Water Dept. എന്ന ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

### 1-24 കുടിവെള്ള പദ്ധതികൾ- പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല

കുടിവെള്ള പദ്ധതികൾക്കായി തൻ വർഷത്തിൽ ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | ഫണ്ട് | അടങ്കൽ | ചെലവ് വൗച്ചർ നം. / തീയതി | തുക |
|---|---|---|---|---|---|
| 1. | S0149/20 ഗ്രാമലകുടിവെള്ള | വികസനഫണ്ട് | 16775 | 21900390/12-11-19 | 16775 |

| | | | | | |
|---|---|---|---|---|---|
| | പദ്ധതി | | | | |
| 2. | S0007/20 എടക്കളം അംഗൻവാടി കുടിവെള്ള പദ്ധതി | വികസനഫണ്ട്(scp) | 500000 | 21900403/17-10-2019 | 500000 |
| 3. | S0006/20 ചോറ്റുപാറവാളാംകുന്ന് കുടിവെള്ള പദ്ധതി | വികസനഫണ്ട് | 500000 | 21900316/27-9-19 | 495000 |

പൂർത്തീകരണ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി -16/2-6-2022)

## 1-25 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്കായി വിവിധ ഏജൻസികൾക്കും, ഗ്രാമപഞ്ചായത്തുകൾക്കും കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഫണ്ട് | ട്രഷറി ബിൽ, വൗച്ചർ /തീയതി, തുക | റിമാർക്സ് |
|---|---|---|---|---|
| 1 | IKM ബ്ലോക്ക് വിഹിതം S0001/20 | വികസന ഫണ്ട് | 11/20.7.19 ഇ.വൗച്ചർ- 21900245/18.7.19 42,977/- | ബ്ലോക്ക് വിഹിതം- ഇൻഫർമേഷൻ കേരള മിഷൻ |
| 2 | SOO 4/20 അവണൂർ ഗ്രാമ പഞ്ചായത്ത് ഗ്യാസ് ക്രിമിറ്റോറിയം, ബ്ലോക്ക് വിഹിതം | വികസന ഫണ്ട് ബ്ലോക്ക് വിഹിതം 10,00,000/- ഗ്രാമ പഞ്ചായത്ത്- 5,00,000/- 15,00,000/- | 16/17.8.19 10,00,000/- ഇ.വൗച്ചർ- 21900256/ 8.8.2019 | ബ്ലോക്ക് വിഹിതം- അവണൂർ ഗ്രാമപഞ്ചായത്ത് |
| 3 | ലൈഫ് ഭവന പദ്ധതി (ജനറൽ) S000 3/20 | വികസന ഫണ്ട് | 16/17.8.2019 ഇ.വൗച്ചർ- 21900255/ 8.8.2019 10,00,000/- | ലൈഫ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് |

വിനിയോഗവിവരം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി.15/2.6.2022)

## 1-26 കൈപ്പറമ്പ് പേരാമംഗലം നട്ടാക്ക് ജലസേചന സംഭരണ പദ്ധതി - പൂർത്തീകരണം, ധനവിനിയോഗ സാക്ഷ്യപത്രം, ബാലൻസ് തുക വിവരങ്ങൾ ഹാജരാക്കിയില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : അസി. എൻജിനീയർ
പ്രോജക്ട് നം. -S0054/20.

അടങ്കൽ - 275319/ -

എഗ്രിമെന്റ് നം. - 13/18 -19.dtd.25.9.2018.

കരാറുകാരൻ - പ്രേംജിത്ത്.കെ.കെ.

അളവ് പുസ്തകം - MB.No.81/17 -18.

ട്രഷറി ബിൽ നം.15/19- 20.dtd.20.9.19. 135319/-

ട്രഷറി ബിൽ നം. 18/19 -20. Dtd. 12.11.19. 140000/ -

കരാർ കാലയളവ് ഒരു വർഷമുള്ള മേൽ പ്രോജക്റ്റിന്റെ പൂർത്തീകരണ/ ധനവിനിയോഗ സാക്ഷ്യ പത്രം എന്നിവ ഫയലിൽ ലഭ്യമായിരുന്നില്ല. ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, തൃശ്ശൂർ എന്നവർക്ക് 140000/– രൂപ ഡെപ്പോസിറ്റ് ഇനത്തിൽ നല്കിയിട്ടുണ്ട്. ആയതിൽ 118580/ - രൂപ ചെലവുള്ളതായി കാണാൻ കഴിഞ്ഞു. ബാലൻസ് തുകയായ 21420/ -രൂപ ഭൂജലവകുപ്പിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല. പ്രോജക്റ്റ് ഫയലിൽ പദ്ധതി സംബന്ധിച്ച മുഴുവൻ വിവരങ്ങളും സൂക്ഷിച്ചിട്ടില്ല. പ്രൊജക്റ്റിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള വിവരങ്ങൾ ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/2.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതോടൊപ്പം ഭൂജലവകുപ്പിൽ നിന്നും ലഭിക്കാനുള്ള തുക തിരികെ ഈടാക്കിയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | തോളൂർ ഗ്രാമ പഞ്ചായത്തിലെ പറപ്പൂർ ഹൈസ്കൂൾ പരിസര കുടിവെള്ള പദ്ധതി പൂർത്തീകരണം | 21900528 തീയതി 12.11.2019 | 188367 | 0 | 188367 |
| “ | അക്കൻ കോളനി കുടിവെള്ള പദ്ധതി അവണൂർ ഗ്രാമ പഞ്ചായത്ത് പൂർത്തീകരണം | 21900529 തീയതി 12.11.2019 | 492761 | 0 | 492761 |
| “ | കൈപ്പറമ്പ് പേരാമംഗലം അക്ഷര അംഗൻവാടി പ്രദേശത്തെ കുടിവെള്ള പദ്ധതി പൂർത്തീകരണം | 21900392 തീയതി 12.11.2019 | 31296 | 0 | 31296 |

| | | | | | |
|---|---|---|---|---|---|
| “ | മുളങ്കുന്നത്ത്കാവ് ഗ്രാമ പഞ്ചായത്ത് ഗ്രാമല കുടിവെള്ള പദ്ധതി പൂർത്തീകരണം | 21900390 തീയതി 12.11.2019 | 16775 | 16775 | 0 |
| “ | ജല സമൃദ്ധി ചോറ്റുപാറ വാളംകുന്ന് കുടിവെള്ള പദ്ധതി മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | 21900315 തീയതി 27.09.2019 ചെക്ക് നം.6097332 | 500000 | 0 | 500000 |
| “ | ജല സമൃദ്ധി എടക്കളം അംഗൻവാടി കുടിവെള്ള പദ്ധതി പൂർത്തീകരണം – അവണൂർ ഗ്രാമ പഞ്ചായത്ത് | 21900403 തീയതി 17.10.2019 ചെക്ക് നം.6097332 | 500000 | 0 | 500000 |
| “ | ജല സമൃദ്ധി പ്രിയദർശിനി കുടിവെള്ള പദ്ധതി – കോലഴി ഗ്രാമ പഞ്ചായത്ത് | 21900314 തീയതി 27.09.2019 ചെക്ക്നം.6097332 | 500000 | 0 | 500000 |
| “ | ജല സമൃദ്ധി പറപ്പൂർ ശാന്തി മന്ദിരം കുടിവെള്ള പദ്ധതി – തോളൂർ ഗ്രാമ പഞ്ചായത്ത് | 21900316 തീയതി 27.09.2019 ചെക്ക്നം.6097332 | 500000 | 0 | 500000 |
| “ | ജല സമൃദ്ധി കൈപ്പറമ്പ് വാർഡ് 18പുത്തൂർ തുല്യത കുടിവെള്ള പദ്ധതി – കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 21900317 തീയതി 28.09.2019 | 500000 | 0 | 500000 |
| “ | ജല സമൃദ്ധി പറപ്പൂർ അംബേദ്ക്കർ കുടിവെള്ള പദ്ധതി പൂർത്തീകരണം – തോളൂർ ഗ്രാമ പഞ്ചായത്ത് | 21900402 തീയതി 17.10.2019 | 500000 | 0 | 500000 |
| “ | ജലസമൃദ്ധി മുളങ്കുന്നത്തുകാവ് വാർഡ് 7 വടക്കേച്ചിറ കുടിവെള്ള പദ്ധതി – മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | 21900401 തീയതി 16.10.2019 | 500000 | 0 | 500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37032318 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38409613 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96, 96-97, 97-98 | എൽ.എഫ്.ടി21-368/00/16.6.00/7.8.00 |
| 98-99(ചെലവ്) | എൽ.എഫ്.ടി21-77/08/10.5.10 |
| 99-00(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 |
| 2000-01(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 |
| 1998-99 വരവ് | എൽ.എഫ്.ടി(ബിപി)414/11/2.6.11 |
| 1999-2000 വരവ് | എൽ.എഫ്.ടി(ബിപി)515/11/3.6.11 |
| 2000-01 വരവ് | എൽ.എഫ്.ടി(ബിപി)516/11/3.6.11 |
| 2001-02 | എൽ.എഫ്.ടി 21-880/09/14.7.11 |
| 02-03 | എൽ.എഫ്.ടി21-881/09/14.7.11 |
| 03-04 | എൽ.എഫ്.ടി21-882/09/14.10.11 |
| 04-05 | എൽ.എഫ്.ടി21-1142/10/14.12.11 |
| 05-06 | എൽ.എഫ്.ടി21-1143/10/14.12.11 |
| 06-07 | എൽ.എഫ്.ടി21-1144/110/14.12.11 |
| 07-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി(ബി.പി)-1420/2012/6.2.12/ 14.3.12 |
| 11-12 | എൽ.എഫ്.ടി.(ബി.പി)1656/13/10.3.14 |

| | |
|---|---|
| 12-13 | എൽ.എഫ്.ടി.(ബി.പി)1024/14/8.10.14/ 12.11.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി) 375/15/5.8.15/3.9.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)704/16 തീ.21.5.16 / 16.8.16 |
| 15-16 | കെഎസ്എ.ടി.എസ്.ആർ.(ബിപി1)351/17/ 24.3.17 |
| 16-17 | കെഎസ്എ.ടി.എസ്.ആർ.(ബിപി1)1722/17/ 30.11.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ(ബിപി1) 53/2019 തീയതി: 12.02.19 |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ(ബിപി1)959/19 തീയതി: 27.9.2019 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്